സി. കേശവന്റെപേരിലുള്ള മയ്യനാട്ടെ സ്മാരക മന്ദിരം പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ടവരുമായി ആലോചിച്ച് സാംസ്ക്കാരിക വകുപ്പ് ആവശ്യമായതെല്ലാം ചെയ്യുന്നതോടൊപ്പം അതിനെ പ്രവർത്തനക്ഷമമാക്കാനാവശ്യമായ ഫണ്ടും സാംസ്ക്കാരിക വകുപ്പ് നൽകുന്നതാണ്.

**9. തീപിടുത്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം**

ശ്രീ. എം. ഹംസ : സർ, കഴിഞ്ഞ ഫെബ്രുവരി മാസം ഒന്നാം തീയതി ഒറ്റപ്പാലം താലൂക്കിൽ ത്രാങ്ങാലിയിൽ ഉണ്ടായിട്ടുള്ള വെടിക്കെട്ട് അപകടത്തിൽ 12 പേർ മരണമടഞ്ഞു. വെടിക്കെട്ട് നിർമ്മാണ ശാലക്കുണ്ടായിട്ടുള്ള തീപിടുത്തം കാരണമാണ് ഈ 12 പേർ മരിക്കാനിടയായത്. ഇത്തരമൊരു സംഭവമുണ്ടായ ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് മതിയായ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആഭ്യന്തര വകുപ്പുമന്ത്രി ഡൽഹിയിലായിരുന്നെങ്കിലും അദ്ദേഹവും ഇക്കാര്യത്തിലിടപെട്ട് അതിനാവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ, ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി എ. കെ. ബാലൻ എന്നിവർ രണ്ട് ദിവസവും പൂർണ്ണമായി സംഭവസ്ഥലത്തുണ്ടായിരുന്നു. മന്ത്രിമാരായ സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, ജോസ് തെറ്റയിൽ, ഡെപ്യൂട്ടി സ്പീക്കർ ജോസ് ബേബി എന്നിവരെല്ലാംതന്നെ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. ദുരന്തം നേരിട്ട ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു ദുരന്തം ഇനി ഉണ്ടാകരുത് എന്ന ആഗ്രഹവുമായി എല്ലാവരും രംഗത്ത് വരികയുണ്ടായി. അവിടത്തെ ജനങ്ങൾ വളരെ ജാഗ്രതയോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഫയർ ഫോഴ്സ്, പോലീസ്, ആരോഗ്യ വകുപ്പ് ഇവരെല്ലാം നല്ല രീതിയിൽ പരിശ്രമിച്ചിട്ടും 12 ജീവനുകൾ നമുക്ക് രക്ഷിക്കാൻ കഴിഞ്ഞില്ല. ലൈസൻസ് ഇല്ലാത്ത ഒരു പടക്ക നിർമ്മാണശാലയാണ് ഇവിടെ പൊട്ടിത്തെറിച്ചത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഉൽസവ കാലങ്ങളിൽ പടക്കങ്ങൾ ഉണ്ടാക്കുകയും വെടിക്കെട്ടുകൾ ഉണ്ടാവുകയും ചെയ്യുക സ്വാഭാവികമാണ്. അത്തരം സന്ദർഭങ്ങളുണ്ടാകുമ്പോൾ ഒരു മനുഷ്യനും ഇനി മേലാൽ അപകടത്തിൽ മരിക്കാതിരിക്കാനാവശ്യമായിട്ടുള്ള എല്ലാ മുൻകരുതലുകളും കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. വെടിക്കെട്ട് അപകടങ്ങളുണ്ടാകുമ്പോൾ ആ അപകടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന സംവിധാനംതന്നെ ഇവിടെ ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഇവിടെ മരണപ്പെട്ട ആളുകൾക്ക് പിറ്റെ ദിവസം അതായത് ഫെബ്രുവരി രണ്ടാം തീയതി തന്നെ രണ്ട് ലക്ഷം രൂപയുടെ ധനസഹായം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചതിനോടും പരിക്ക് പറ്റിയവർക്ക് 50,000 രൂപ കൊടുക്കാൻ തീരുമാനിച്ചതിലും നന്ദിയുണ്ട്. അതോടൊപ്പംതന്നെ ഈ അപകടത്തിൽ മരണപ്പെട്ടവർക്ക് അഞ്ച് വയസ്സും രണ്ട് വയസ്സും ആറ് മാസം പ്രായമുള്ളതുമായ കുട്ടികളുണ്ട്. ആ കുട്ടികളുടെ പരിരക്ഷയ്ക്കായി എന്തെങ്കിലും ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കണം. മറ്റൊന്ന്, ഈ സ്ഫോടനം നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിലാണ് ഒരു ട്രെയിൻ കടന്നു പോയത്. ഈ സ്ഫോടനം നടക്കുന്ന സ്ഥലത്ത് സ്ഫോടകവസ്തുക്കൾ വടക്കോട്ടല്ല തെക്കോട്ടേയ്ക്കാണ് പോയത്, എന്നതുകൊണ്ടുമാത്രമാണ് ആ ട്രെയിൻ തീ പിടിക്കാതിരുന്നത്. നേരേമറിച്ച് സ്ഫോടകവസ്തുക്കൾ വടക്കോട്ടേയ്ക്കാണ് പോയിരുന്നതെങ്കിൽ ആയിരക്കണക്കിന് ആളുകൾ സഞ്ചരിച്ച ട്രെയിൻപോലും കത്തിപ്പോകുമായിരുന്നു. അങ്ങനെ ഒരു ദുരന്തം അവിടെയുണ്ടായി. ട്രെയിൻ യാത്രയ്ക്കിടയിലുണ്ടായിരുന്ന ഒരു ഉത്തരേന്ത്യാക്കാരൻ സ്ഫോടനത്തിൽ പരിക്കുപറ്റി വളരെ സീരിയസ്സായി ആശുപത്രിയിലാണ്. ഇന്ത്യയിലെ റെയിൽവേ വകുപ്പ് ആ യാത്രക്കാരനോട് നീതി പുലർത്തിയിട്ടില്ല. നേരത്തെ ശ്രീമതി ശൈലജ ടീച്ചർ പറഞ്ഞതുപോലെ ഒരു യാത്രക്കാരി ട്രെയിനിൽ വച്ച് പീഡിപ്പിക്കപ്പെട്ടപ്പോൾ അവിടെയെത്താൻ റെയിൽവേ വകുപ്പ് വൈകിപ്പോയി. അതുപോലെ ഇവിടെ ഒരു ട്രെയിൻ യാത്രക്കാരൻ മരണവുമായി മല്ലടിച്ചുകൊണ്ടിരിക്കുകയാണ്. ആ ട്രെയിൻ യാത്രക്കാരനെ സഹായിക്കുന്നതിന് റെയിൽവേയുടെ സഹായം ലഭ്യമാക്കാൻ ആവശ്യമായിട്ടുള്ള സംവിധാനമുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കണം. ദുരന്തങ്ങളുടെ കാലഘട്ടത്തിൽ ഇനി ഇതുണ്ടാകരുത് എന്ന് ആഗ്രഹിക്കുന്നവർ ദുരന്തങ്ങൾ ഇനി ഒരിക്കലും ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളെടുക്കാൻ ആവശ്യമായിട്ടുള്ള നടപടി കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഒറ്റപ്പാലം താലൂക്കിൽ വാണിയങ്കുളം-2 വില്ലേജിൽ ത്രാങ്ങാലി എന്ന സ്ഥലത്ത് അനധികൃത പടക്ക നിർമ്മാണ ശാലയിൽ 1-2-2011-ന് ഉച്ചയ്ക്കുശേഷം ഏകദേശം 4.45-ന് നടന്ന അപകടത്തിൽ 12 പേർക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേറ്റ നാല് പേരെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിക്കേറ്റ് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലുള്ളവർ അപകടനില തരണം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ചതുപോലെ തീവണ്ടിയിൽ യാത്ര ചെയ്തിരുന്ന യാത്രക്കാരനായ ഉത്തർപ്രദേശ് സ്വദേശിയുടെ സ്ഥിതി അതീവഗുരുതരമായ നിലയിലാണ്. അദ്ദേഹത്തെ ഞാൻ ഇന്നലെയും മിനിഞ്ഞാന്നും സന്ദർശിച്ചു, സ്ഥിതി വളരെ ഗുരുതരമാണ്. ആശുപത്രി അധികൃതർ അതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്. കൂടാതെ സ്ഫോടനംമൂലം പരിസരപ്രദേശങ്ങളിലുള്ള 12 വീടുകൾക്ക് ഭാഗികമായ നഷ്ടം സംഭവിച്ചതായി ഒറ്റപ്പാലം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന പടക്ക നിർമ്മാണശാലയുടെ ഉടമസ്ഥൻ ഒഴികെയുള്ളവർക്ക് 50,000 രൂപ വീതവും സർക്കാർ ധനസഹായം പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് 5-2-2011 -ന് ഇറങ്ങിയിട്ടുണ്ട്. ശ്രീ. ടി. കെ. കുഞ്ഞിക്കണ്ണൻ തെക്കുംപുറത്ത് വീട് കവലപ്പാറ എന്ന ആളാണ് അപകടം സംഭവിച്ച അനധികൃത പടക്ക നിർമ്മാണശാല നടത്തിവരുന്നത്. ടിയാന് 12.5 കിലോഗ്രാം പടക്കം നിർമ്മിച്ച് വിൽക്കുന്നതിനുള്ള ഫോറം 22-ലുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് നമ്പർ 29, 31-3-2007-വരെ ഉണ്ടായിരുന്നുള്ളു. പ്രസ്തുത ലൈസൻസ് പ്രകാരം ഒറ്റപ്പാലം താലൂക്ക് വാണിയങ്കുളം-1 വില്ലേജിൽ സർവ്വേ നമ്പർ 81 എ1 38/528, 129, 530 -വാണിയങ്കുളം ഗ്രാമപഞ്ചായത്ത് - എന്നീ കെട്ടിടങ്ങളിലാണ് പടക്ക നിർമ്മാണത്തിന് അനുമതി നൽകിയിരുന്നത്. എന്നാൽ ലൈസൻസ് പ്രകാരം അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിലല്ല അപകടം നടന്നതെന്ന് വ്യക്തമായിട്ടുണ്ട്. 1-4-2007 മുതൽ 31-3-2009 -വരെയ്ക്ക് ലൈസൻസ് പുതുക്കുന്നതിനായി ശ്രീ. കുഞ്ഞിക്കണ്ണൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാൻ എക്സ്പ്ലോസീവ് ആക്ട് പ്രകാരമുള്ള ഒന്നിലധികം കേസ്സുകളിൽ പ്രതിയായിരുന്നതിനാൽ മേൽപ്പടി അപേക്ഷ 28-4-2005 -ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ കളക്ടർ നിരസിച്ചിരുന്നു. തുടർന്ന് ശ്രീ. കുഞ്ഞിക്കണ്ണൻ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ലൈസൻസ് പുതുക്കി നൽകുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് പരിശോധിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ഈ കേസ് റിമാന്റ് ചെയ്യുകയുമുണ്ടായി. തുടർന്ന് അപേക്ഷ പുനഃപരിശോധിച്ച് മേൽപ്പറഞ്ഞ കാരണങ്ങളാൽ 4-3-2010-ന് ജില്ലാ കളക്ടർ വീണ്ടും നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. എക്സ്പ്ലോസീവ് ആക്ട് 1854 സെക്ഷൻ (9) 1 പ്രകാരം അപകടത്തെക്കുറിച്ച് മജിസ്റ്റേരിയൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഒറ്റപ്പാലം സബ്ഡിവിഷൻ മജിസ്ട്രേറ്റായ റവന്യൂ ഡിവിഷണൽ ആഫീസറെ അന്നുതന്നെ ചുമതലപ്പെടുത്തിയിരുന്നു. അതിന് പുറമേയാണ് ആഭ്യന്തരവകുപ്പുമന്ത്രി എ.ഡി.ജി.പി.-യെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയത് കൂടാതെ മുഖ്യമന്ത്രിയും അന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയുംപെട്ടെന്ന് അന്വേഷണം നടത്താനും ഇതിൽ ഏതൊക്കെ വകുപ്പുകൾക്ക് എന്തൊക്കെ വീഴ്ച്ചകൾ സംഭവിച്ചുവെന്നും ആരൊക്കെയാണ് ഇതിന് ഉത്തരവാദികളെന്നും അന്വേഷിച്ച് രണ്ടാഴ്ചയ്ക്കകം ഗവൺമെന്റിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ 2-2-2011-ന് ചേർന്ന മന്ത്രിസഭായോഗം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ജയകുമാർ, ഐ.എ.എസ്.-നെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിൽ മരണപ്പെട്ട 12 പേരുടെ കുടുംബങ്ങൾ പാലക്കാട്-തൃശ്ശൂർ ജില്ലകളിലുള്ളവരാണ്, ഏറ്റവും ദരിദ്രരും സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കുടുംബങ്ങളിൽ ഉള്ളവരുമാണ്. 2 ലക്ഷം രൂപ തീരുമാനിച്ചത് കൊടുക്കുവാനുള്ള നടപടിക്ക് കുറച്ചു സമയമെടുക്കുന്നതുകൊണ്ട് ആ ദിവസംതന്നെ മരണത്തിന്റെ ചടങ്ങുകൾ നടക്കുന്നതിന് മുമ്പായി പതിനായിരം രൂപാ വീതം എല്ലാവരുടേയും വീടുകളിൽ എത്തിച്ചിരുന്നു. ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ചതുപോലെതന്നെ സ്ഫോടക വസ്തുവിന്റെ ഡയറക്ഷൻ ഒന്ന് മാറിയിരുന്നുവെങ്കിൽ അവിടെ എന്താണ് സംഭവിക്കുക എന്ന് നമുക്ക് ഊഹിക്കുവാൻ പോലും കഴിയുമായിരുന്നില്ല. ഉത്തർപ്രദേശ് സ്വദേശിക്കുണ്ടായ അപകടം വളരെ ഗൗരവമുള്ള സംഗതിയാണ്. ഈ യാത്രക്കാരന്റെ കാൽ മുറിച്ചുമാറ്റുകയുണ്ടായി. വളരെ ഗുരുതരമായി ഐ.സി. യൂണിറ്റിൽ കിടക്കുകയാണ്. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പിഞ്ചു കുഞ്ഞുങ്ങളും സഹോദരന്മാരെല്ലാം ഉത്തർപ്രദേശിൽനിന്നും അതുപോലെ മറ്റുള്ള സ്ഥലങ്ങളിൽനിന്നുമായി ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. ഞങ്ങൾ

അവരെ പോയി കണ്ട് ആശ്വസിപ്പിച്ച് അവർക്ക് ആശുപത്രിയിൽത്തന്നെ ഡോർമെറ്ററി സൗകര്യവും ഭക്ഷണവുമെല്ലാം നൽകാനും ഏർപ്പാട് ചെയ്തിട്ടുണ്ട്. ആ കുടുംബത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ആലോചിച്ച് അപകടം പറ്റിയവരുടെ കുടുംബങ്ങൾക്ക് അനുവദിച്ച 50,000 രൂപയുടെ ധനസഹായം നല്കുന്ന ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേർകൂടി ഉൾപ്പെടുത്തി സഹായം നൽകും. പക്ഷേ ഉത്തർപ്രദേശ് സ്വദേശിയെക്കുറിച്ച് എനിക്ക് കിട്ടിയ റിപ്പോർട്ട് ഞാൻ പറഞ്ഞുകഴിഞ്ഞു. അത്രയും ഗുരുതരമായ ഒരു സ്ഥിതിയാണുള്ളത്. ഇതു സംബന്ധിച്ച് ഒരു കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും എം.എൽ.എ.-മാരും കളക്ടർമാരും ഉദ്യോഗസ്ഥരും പോലീസുകാരും തുടങ്ങി എല്ലാവരും അവിടെ എല്ലാ നടപടികളും സ്വീകരിച്ച് കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. പക്ഷേ ഇത് അടിക്കടി ഉണ്ടാകുകയാണ്. വളരെ തുറസ്സായ സ്ഥലത്ത് തീവണ്ടി പോകുന്നതിന് തൊട്ട് അടുത്ത് സംഭവിച്ചതാണ്. ഇത് ഗൗരവമായി കണ്ടുകൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്.

**10. വൈക്കത്ത് കരമണൽ ഖനനം പുനഃസ്ഥാപിക്കാൻ നടപടി**

ശ്രീ. കെ. അജിത് : സർ, വൈക്കം താലൂക്കിലെ കരമണൽ ഖനനം പുനരാരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വൈക്കം താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ കരമണൽ ഖനനം ചെയ്ത് ആറായിരത്തോളം തൊഴിലാളികൾ ജീവിക്കുന്നുണ്ട്. അവിടത്തെ ചില നിയമങ്ങളും ബുദ്ധിമുട്ടുകളും കാരണം ഇപ്പോൾ ആ പ്രവർത്തനം നടക്കുന്നില്ല. നിയമം നടപ്പിലാക്കുന്നതോടൊപ്പംതന്നെ തൊഴിലാളികളെ സംരക്ഷിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയാണ്. ഇപ്പോൾ ആറായിരത്തോളം തൊഴിലാളികൾ നേരിട്ട് ഇതിനകത്ത് പണിയെടുക്കുകയാണ്. അനുബന്ധമായി ലോറി ഓടിക്കുന്ന തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ ഉൾപ്പെടെ പതിനായിരത്തോളം തൊഴിലാളികൾ ആ മേഖലയിൽ പണിയെടുക്കുന്നുണ്ട്. കഴിഞ്ഞ ആറ് മാസക്കാലമായി കോട്ടയം ജില്ലാ കളക്ടർ ഇത് നിരോധിച്ചിരിക്കുകയാണ്. കരമണൽ ഖനനത്തിനും പാറ പൊട്ടിക്കുന്നതിനും ഒരേ നിയമമാണ് കേരളത്തിൽ ഉള്ളതെന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷേ സമാനമായ സമയത്ത് കരമണൽ ഖനനം നിരോധിക്കുകയും പാറ പൊട്ടിക്കുന്നതിന് അനുവാദം കൊടുക്കുകയും ചെയ്യുകയായിരുന്നു. അമ്പത് മീറ്ററിന്റെ ദൂരപരിധി നേരത്തേയുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ കൺസെന്റ് ഉണ്ടെങ്കിൽപ്പോലും കൊടുക്കേണ്ട എന്ന് കളക്ടർ പറഞ്ഞിരിക്കുകയാണ്. റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, പോലീസ് എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർ വന്ന് നേരിൽ അന്വേഷണം നടത്തി തൃപ്തികരമാണെന്നറിയിച്ചുവെങ്കിലും നിയമവിധേയമായ കേന്ദ്രങ്ങൾ പോലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. നിയമവിധേയമായി നടത്താൻ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുള്ളത് തുറന്നു പ്രവർത്തിപ്പിക്കുകയും അല്ലാത്തതെല്ലാം പൂർണ്ണമായി നിരോധിക്കുകയും അവർക്കെതിരെ

LIBRARY ARCHIVES Kerala Legislative Assembly